©
കേരള സർക്കാർ
Government of Kerala
2023

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 12<br>Vol. XII | തിരുവനന്തപുരം,<br>ശനി<br>Thiruvananthapuram,<br>Saturday | 2023 മാർച്ച് 18<br>18th March 2023<br>1198 മീനം 4<br>4th Meenam 1198<br>1944 ഫാൽഗുനം 27<br>27th Phalguna 1944 | നമ്പർ<br>No. | 997 |

### കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

വിജ്ഞാപനം

നമ്പർ: 13/2023/സം.തി.ക തിരുവനന്തപുരം, 2023 മാർച്ച് 17

1994 –ലെ കേരള പഞ്ചായത്ത് രാജ് (സമ്മതിദായകരുടെ രജിസ്ട്രേഷൻ) ചട്ടങ്ങളിൽ 22--ാം ചട്ടവും 1994 -ലെ കേരള മുനിസിപ്പാലിറ്റി (സമ്മതിദായകരുടെ രജിസ്ട്രേഷൻ) ചട്ടങ്ങളിൽ 22--ാം ചട്ടവും നൽകുന്ന അധികാരം വിനിയോഗിച്ചുകൊണ്ടും ഇതു സംബന്ധിച്ച് മുൻപ് പുറപ്പെടുവിച്ചിട്ടുള്ള എല്ലാ വിജ്ഞാപനങ്ങളെയും അതിലംഘിച്ചുകൊണ്ടും, മേൽ സൂചിപ്പിച്ച ചട്ടങ്ങളിലെ 18, 19, 20

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

എന്നീ ചട്ടങ്ങൾ പ്രകാരം ഇലക്ട്രൽ രജിസ്ട്രേഷൻ ഓഫീസർ കൈക്കൊള്ളുന്ന ഏതൊരു തീരുമാനത്തിനുമെതിരെ അപ്പീൽ ബോധിപ്പിക്കുന്നതിനുള്ള അപ്പലേറ്റ് ആഫീസറായി അതത് ജില്ലയിലെ തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടറെ നിയോഗിച്ച് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഇതിനാൽ ഉത്തരവാകുന്നു.

**എ.ഷാജഹാൻ**

**സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ**

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ കാര്യാലയം,
തിരുവനന്തപുരം-33

## വിശദീകരണകുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്താൻ ഉദ്ദേശിച്ച് കൊണ്ടുള്ളതാണ്.)

1994 ലെ കേരള പഞ്ചയത്ത് രാജ് (തിരഞ്ഞെടുപ്പ് രജിസ്ട്രേഷൻ) ചട്ടങ്ങൾ, 1994 ലെ കേരള മുനിസിപ്പാലിറ്റി (തിരഞ്ഞെടുപ്പ് രജിസ്ട്രേഷൻ) ചട്ടങ്ങൾ എന്നിവയിലെ 18, 19, 20 എന്നീ ചട്ടങ്ങൾ പ്രകാരം ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ കൈക്കൊള്ളുന്ന തീരുമാനത്തിനെതിരെ അപ്പീൽ ബോധിപ്പിക്കുന്നതിനുള്ള അപ്പീൽ അധികാരികളായി ജില്ലയിലെ പഞ്ചായത്തുകൾക്ക് അതാത് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെയും മുനിസിപ്പാലിറ്റികൾക്ക് നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടറെയുമാണ് കമ്മീഷൻ ചുമതലപ്പെടുത്തിയിരുന്നത്. സർക്കാർ 27/10/2022 ലെ ജി.ഒ(പി)74/2022/LSGD നമ്പർ വിജ്ഞാപനപ്രകാരം വകുപ്പിൽ പുതുതായി തസ്തികകൾ സൃഷ്ടിക്കപ്പെടുകയും ചില തസ്തികകൾ പുന:നാമകരണം ചെയ്യപ്പെടുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ അതിനു അനുസൃതമായി മേൽചട്ടങ്ങൾ പ്രകാരം ഓരോ ജില്ലയിലും ഇലക്ട്രൽ രജിസ്ട്രേഷൻ ഓഫീസർമാർ കൈക്കൊള്ളുന്ന തീരുമാനത്തിനെതിരെ അപ്പീൽ ബോധിപ്പിക്കുന്നതിനുള്ള അപ്പലേറ്റ് ആഫീസറായി ജില്ലയിലെ തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടറെ ചുമതലപ്പെടുത്താൻ കമ്മീഷൻ തീരുമാനിച്ചു.

ഈ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2023

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Veeran T
Date:2023.03.18 04:39:14 +05:30